(എ) കുട്ടനാട്ടിൽ കോളറാബാധിതപ്രദേശമായി ഏതെങ്കിലും സ്ഥലം ഗവണ്മെണ്ട് പ്രഖ്യാപനം ചെയ്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം പ്രദേശങ്ങൾ ;

(സി) കുട്ടനാട്ടിൽ കോളറാമൂലം എത്ര മരണം ഉണ്ടായി എന്നും എത്രപേർക്ക് ആകെ കോളറാ ബാധിച്ചു എന്നും പറയുമോ ?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ) :

(എ) ഉണ്ട്.

(ബി) അമ്പലപ്പുഴ, ചങ്ങനാശേരി, കോട്ടയം എന്നീ താലൂക്കുകൾ.

(സി) വ്യത്യ പേർക്ക് കോളറാ ബാധിക്കുകയും ഇത്ര പേർ മരിക്കുകയും ചെയ്തിട്ടുണ്ട്.

കോളറാ

*൪൪൪. (ക്ഷ ൦) ശ്രീമതി ദേവകീഗോപിദാസ് : താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

കുട്ടനാട്ടിൽ കോളറാ എവിടെനിന്നു കൊണ്ടുവന്നതാണെന്നോ എവിടെനിന്നു പകർന്നതാണെന്നോ ഗവണ്മെണ്ട് അന്വേഷണം നടത്തിയിട്ടുണ്ടോ ?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ): കുട്ടനാട്ടിൽ കോളറാ ആദ്യമായി വന്നത് ൧൯൪൭-ൽ ചമ്പക്കുളം കരയിലാണ്. അതിന്റെ ആരംഭത്തെപ്പറ്റി പ്രത്യേകമായ ചരിത്രമൊന്നുമില്ല.

ശ്രീമതി ദേവകീഗോപിദാസ് : അതു എങ്ങിനെയാണ് ബാധിച്ചത് എന്നു ഗവണ്മെണ്ട് അന്വേഷിച്ചിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജോൺ : അതു പകർച്ചവ്യാധിയായി വ്യാപിച്ചതായിരിക്കാം.

ശ്രീ. വി. ഗംഗാധരൻനായർ : ഈ സ്റ്റോറിൽ എവിടെയെങ്കിലും ഹെൽത്ത് സർവ്വെ നടത്തിയിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജോൺ : ഇല്ല.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി : കോളറാ എവിടെനിന്നെങ്കിലും കൊണ്ടുവരാവുന്നതാണോ ?

ശ്രീ. എ. ജെ. ജോൺ : കോളറാ ബാധിച്ച പ്രദേശങ്ങളിൽനിന്നു വല്ല ആഹാരമോ മറ്റോ കഴിച്ചാൽ കോളറാ ബാധിക്കാൻ ഇടയുണ്ട്. ആ അർത്ഥത്തിലാണെങ്കിൽ കൊണ്ടുവന്നതായി കണക്കാക്കാം.

ശ്രീ. എ. കെ. പാച്ചുപിള്ള : അവിടെ കോളറാ ബാധിച്ചത് പട്ടിണിയുടെ ആധിക്യംകൊണ്ടാണെന്നു റിപ്പോർട്ട് ചെയ്തിട്ടുള്ളതു ശരിയാണോ ?

Mr. Speaker : Who reported it ?

Sri. A. K. Patchu Pillai : It was a paper report.

Mr. Speaker : Paper reports cannot be brought in here to have their truth or otherwise verified.

കോളറാ

*൪൪൫. (ക്ഷ ക്ഷ) ശ്രീമതി ദേവകീഗോപിദാസ് : താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

പട്ടിണികൊണ്ടും അനർഹവും അനിഷ്ടവുമായ ആഹാരംകൊണ്ടും കോളറാ ഉണ്ടാകുമോ എന്നു ഗവണ്മെണ്ട് വിദഗ്ദ്ധാഭിപ്രായം അന്വേഷിച്ചിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly